(ബി) ജൂലൈ 2014 മുതൽ ഫെബ്രുവരി 2015 വരെയുള്ള കാലയളവിൽ 58 വയസ്സ് പൂർത്തിയാക്കി കമ്പനി സർവ്വീസിൽ നിന്ന് വിരമിക്കേണ്ട 46 ജീവനക്കാർ ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ കമ്പനി സർവ്വീസിൽ തുടരുന്നുണ്ട്. പ്രസ്തുത ജീവനക്കാർ 58 വയസ്സ് പൂർത്തിയാക്കിയ മാസത്തെ മൊത്ത ശമ്പളത്തിന്റെ (Gross Salary) പകുതിയിൽ നിന്ന് ആദായ നികുതി കുറവ് ചെയ്ത തുക നിലവിൽ ലഭ്യമാക്കിവരുന്നുണ്ട്. പ്രസ്തുത ജീവനക്കാരുടെ സേവനം ഉപയോഗിക്കുന്നതു കൊണ്ട് മറ്റ് ജീവനക്കാർക്ക് അർഹതപ്പെട്ട പ്രൊമോഷൻ നഷ്ടപ്പെടുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ട്. എന്നാൽ, നാളിതുവരെ ഒരു ജീവനക്കാരനും ഇതുമൂലം അർഹതപ്പെട്ട പ്രൊമോഷൻ നഷ്ടമായിട്ടില്ല.

(സി&ഡി) കടിശ്ശിക പിരിക്കുന്നതിന് വൈസ് ചെയർമാന് അധികാരം നൽകി കൊണ്ട് സർക്കാർ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല എന്നാൽ കെ.എസ്.എഫ്.ഇ.-യുടെ കടിശ്ശിക നിവാരണ പദ്ധതികളുടെ മേൽനോട്ടം വഹിക്കുന്നതിനായി റീജിയണൽ ഓഫീസുകളും ശാഖകളും സന്ദർശിക്കുന്നതിന് കെ.എസ്.എഫ്.ഇ. വൈസ് ചെയർമാൻ ശ്രീ. ജോബ് മൈക്കിളിനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കടിശ്ശിക പിരിക്കുന്നതിനുള്ള അധികാരം ചീഫ് എക്സിക്യൂട്ടീവ് എന്ന നിലയിൽ മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമാണ്.

സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനം

247 (595) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പ് എന്തെല്ലാം ഇൻഷ്വറൻസ് പദ്ധതികളാണ് നടപ്പാക്കി വരുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇൻഷ്വറൻസ് പദ്ധതിയിലെ വരിക്കാർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇപ്പോൾ നൽകി വരുന്നത് എന്ന് വിശദമാക്കുമോ ;

(സി) സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന് സർക്കാർ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സർക്കാർ/അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്കായുള്ള സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് പദ്ധതി, ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി, ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി എന്നിവയും സർക്കാർ ആസ്തികൾക്കും, സർക്കാരിന് സാമ്പത്തിക താല്പര്യമുള്ള വിവിധ അർദ്ധ സർക്കാർ പൊതുമേഖല, സഹകരണ സ്ഥാപനങ്ങളുടെ ആസ്തികൾക്കുമുള്ള ജനറൽ ഇൻഷ്വറൻസ് പദ്ധതികളും സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖാന്തരം നടപ്പാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിവിധ ഇൻഷ്വറൻസ് പദ്ധതികൾക്ക് വ്യത്യസ്തങ്ങളായ ആനുകൂല്യങ്ങളാണ് നൽകിവരുന്നത്.

സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് (എസ്.എൽ.ഐ.)

എസ്.എൽ.ഐ. വരിസംഖ്യ കൃത്യമായി അടവാക്കിയ പോളിസി ഉടമയ്ക്ക് വാദ്ധത്തുകയും, സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിലുള്ള ഉയർന്ന ബോണസും ലഭിക്കുന്നു. പോളിസി കാലയളവിൽ പോളിസി ഉടമയുടെ ചേർത്തുള്ള മരണം സംഭവിക്കുന്ന പക്ഷം വാദ്ധത്തുക മുഴുവനായും അതുവരെയുള്ള ബോണസ്സും തുക നോമിനിക്ക് ലഭിക്കുന്നു. 3 വർഷം പൂർത്തിയാക്കിയ പോളിസിയിന്മേൽ സറണ്ടർമൂല്യത്തിന്റെ 90% വരെ 9% പലിശനിരക്കിൽ വായ്പയും ലഭിക്കുന്നു.

ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി

സർവ്വീസിൽ നിന്ന് വിരമിക്കുന്ന, പദ്ധതിയിൽ അംഗങ്ങളായ ജീവനക്കാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് സമ്പാദ്യ നിധിയിൽ നിന്നുള്ള തുക കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ പാദവാർഷിക കൂട്ടുപലിശ സഹിതം നൽകുന്നു. ഉദ്യോഗത്തിലിരുന്ന് മരണപ്പെടുന്ന അംഗങ്ങളുടെ ആശ്രിതർക്ക് 100 രൂപയ്ക്ക് 1,00,000 രൂപ എന്ന നിരക്കിൽ ജി.ഐ.എസ്.ന്റെ ഇൻഷ്വറൻസ് ഫണ്ടിൽ നിന്നുള്ള തുകയും കൂടാതെ സമ്പാദ്യനിധിയിൽ ഒടുക്കിയിട്ടുള്ള തുകയും പലിശസഹിതം ലഭിക്കുന്നു.

ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി

പദ്ധതിയിൽ അംഗമായ ജീവനക്കാരൻ അപകടത്തിൽ മരണപ്പെടുകയോ പൂർണ്ണമായ അംഗവൈകല്യം (രണ്ടു കൈകൾ/കാലുകൾ/രണ്ടു കണ്ണുകളിലെയും കാഴ്ച നഷ്ടപ്പെടൽ) സംഭവിക്കുകയോ ചെയ്യുന്ന പക്ഷം 10 ലക്ഷം രൂപ നോമിനിയ്ക്ക് ലഭിക്കുന്നു. ഭാഗീകമായ അംഗവൈകല്യം (ഒരു കൈ/കാൽ നഷ്ടപ്പെടൽ/ ഒരു കണ്ണിന്റെ കാഴ്ച നഷ്ടപ്പെടൽ) സംഭവിക്കുകയാണെങ്കിൽ 5 ലക്ഷം രൂപ ജീവനക്കാരന് ലഭിക്കുന്നു.

(സി) ജനറൽ ഇൻഷ്വറൻസ് മേഖലയിൽ വകുപ്പിന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിന് പൊതുമേഖല ഇൻഷ്വറൻസ് കമ്പനികളുമായി കോ-ഇൻഷ്വറൻസ് അടിസ്ഥാനത്തിൽ ബിസിനസ്സ് നടത്തിവരുന്നു. എസ്.എൽ.ഐ., ജി.ഐ.എസ്. പദ്ധതികൾ ബാധകമായ ജീവനക്കാർക്ക് വകുപ്പിൽനിന്നും ഭവനവായ്പ അനുവദിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly